**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 13/08/2026

1) കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനതല കർഷക ദിനാചരണവും അവാർഡ് വിതരണവും ചിങ്ങം 1 – ആഗസ്റ്റ് 17 രാവിലെ 9.30 ന് എറണാകുളം കളമശ്ശേരി ആഷിസ് കൺവെൻഷൻ സെന്ററിൽ വെച്ച് നടത്തുന്നു. കൃഷി വകുപ്പ് മന്ത്രി അഡ്വ. ടി സിദ്ധിഖ് അധ്യക്ഷത വഹിക്കുന്ന ഈ ചടങ്ങിന്റെ ഉദ്ഘാടനം കേരള മുഖ്യമന്ത്രി ശ്രീ. വി.ഡി. സതീശൻ നിർവ്വഹിക്കുന്നതാണ്.

2) കേരള ഹയർ എഡ്യൂക്കേഷൻ ഡിപ്പാർട്മെന്റിന്റെ കീഴിലുള്ള കാസർഗോഡ് അസാപ്പ് കമ്മ്യൂണിറ്റി സ്കിൽ പാർക്ക് (ASAP Community Skill Park) ഡയറക്ടറേറ്റ് ജനറൽ ഓഫ് സിവിൽ ഏവിയേഷൻ (DGCA) അംഗീകരിച്ച സർട്ടിഫൈഡ് ഡ്രോൺ പൈലറ്റ് ട്രെയിനിംഗ് ആരംഭിക്കുന്നു. 7 ദിവസത്തെ അഗ്രികൾച്ചർ ഡ്രോൺ

പൈലറ്റ് പരിശീലനായി പത്താം ക്ലാസ് പാസ് യോഗ്യതയുള്ള 18നും - 65 വയസിനും ഇടയിൽ പ്രായമുള്ളവരിൽ നിന്നും അപേക്ഷ സ്വീകരിക്കുന്നു. ട്രെയിനിംഗ് ഫീസ്: ₹23000/- രൂപാ. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും 9447 326 319 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാം.

3) കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ വെള്ളാനിക്കര ക്യാമ്പസിലെ കാർഷിക കോളേജ്, വെള്ളാനിക്കരയിൽ 2026-2027 അധ്യയന വർഷത്തെ ഡി.ബി.ടി. സപ്പോർട്ടഡ് എം.എസ്.സി. മോളിക്യുലർ ബയോളജി ആൻഡ് ബയോടെക്നോളജി കോഴ്സിലെ ഒഴിവുള്ള സീറ്റുകളിലേക്കുള്ള സ്പോട്ട് അഡ്മിഷൻ 21.08.2026-ന് രാവിലെ 11.00 മണിക്ക് വെള്ളാനിക്കര കേരള കാർഷിക സർവകലാശാല വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ വെച്ച് നടക്കുന്നു. യോഗ്യത, അപേക്ഷാ ഫീസ് എന്നിവയുൾപ്പെടെയുള്ള വിശദമായ വിവരങ്ങൾ സർവകലാശാലയുടെ അഡ്മിഷൻ വെബ് സൈറ്റായ www.admissions.kau.in ൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 0487 2438139 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

4) ക്ഷീര വികസന വകുപ്പിന്റെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വെച്ച് ആഗസ്റ്റ് 20, 21 തീയതികളിൽ സുരക്ഷിതമായ പാൽ ഉൽപ്പാദനം എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു.

പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഓരോ ദിവസവും 150/- രൂപാ ദിനബത്തയും, ആകെ 100/- രൂപ യാത്രബത്തയും നൽകും. രജിസ്ട്രേഷൻ ഫീസായി 20/ രൂപ അടക്കേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ ആഗസ്റ്റ് 17 ന് വൈകുന്നേരം 5 മണിയ്ക്ക് മൻമ്പായി പരിശീലന കേന്ദ്രത്തിൽ ഫോൺമുഖേനയോ, നേരിട്ടോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിന് എത്തുന്നവർ ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാകേണ്ടതാണ്. കുടുതൽ വിവരങ്ങൾക്ക് 0471-2440911, 9061409824 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

5) കേരള വെറ്ററിനറി സർവ്വകലാശാല നടത്തി വരുന്ന M.S, MSc, BSc (Honours) PPBM, Diploma, PG-Diploma കോഴ്സുകളിലേക്ക് 2026-27 അധ്യയന വർഷത്തിലേക്കുള്ള പ്രവേശനത്തിനായുള്ള സ്പോട്ട് അഡ്മിഷൻ 18.08.2026 തീയ്യതിയിൽ രാവിലെ 10.30 AM -ന് പൂക്കോട് വെറ്ററിനറി സർവ്വകലാശാല ക്യാമ്പസിൽ നടക്കുന്നു. ഉന്നത വിദ്യാഭ്യാസത്തിനും ഗവേഷണത്തിനും ഇന്ത്യയിലും വിദേശരാജ്യങ്ങളിലും അനന്തസാധ്യതകൾ ഉള്ള ഈ കോഴ്സുകൾക്ക് നിരവധി തൊഴിൽ മേഖലകളിൽ അവസരങ്ങളുണ്ട്. കോഴ്സുകളുടെ വിശദവിവരങ്ങൾക്ക് www.kvasu.ac.in എന്ന വെബ് സൈറ്റ് സന്ദർശിക്കുക. കൂടുതൽ 04936

209272, 04936 209269, 9446027876, 9495442035 നമ്പറുകളിൽ ബന്ധപ്പെടുക.

6) സംസ്ഥാന സർക്കാരിന്റെ നൂറുദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി അഞ്ചൽ, പത്തനാപുരം ഫോറസ്റ്റ് റേഞ്ച് പരിധിയിലുള്ളവർക്ക് വേണ്ടി വന്യജീവി ആക്രമണങ്ങളിൽ ഇരകളായവർക്കും കാർഷിക വിളകൾ നഷ്ടപ്പെട്ടവർക്കും നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള അദാലത്ത് ആഗസ്റ്റ് 14ന് സംഘടിപ്പിക്കുന്നു. വന്യജീവികളുടെ ആക്രമണത്തിൽ പരിക്കേറ്റവർ, മരിച്ചവരുടെ ബന്ധുക്കൾ ഉൾപ്പെടെ നഷ്ടപരിഹാരം ലഭിക്കാത്തവർക്കും കാർഷിക വിളകൾ നശിച്ചവരിൽ നഷ്ടപരിഹാരത്തിനായി കാത്തിരിക്കുന്നവർക്കും അപേക്ഷകൾ നൽകിയവർക്കും പങ്കെടുക്കാം. രേഖകൾ ഇല്ലാത്തതിന്റെ പേരിൽ നഷ്ടപരിഹാരം നിരസിച്ചവരുണ്ടെങ്കിൽ രേഖകൾ ശരിയാക്കി വീണ്ടും അദാലത്തിൽ പങ്കെടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് അഞ്ചൽ, പത്തനാപുരം ഫോറസ്റ്റ് റേഞ്ച് ഓഫീസുകളുമായി ബന്ധപ്പെടുക.

7) **മിത്ര അഗ്രിഫെസ്റ്റ് 2026**"ന്റെ ഭാഗമായി വെള്ളനാട് മിത്രാ നികേതൻ ഓപ്പൺ ഓഡിറ്റോറിയത്തിൽ വെച്ച് **"സ്മാർട്ട്ഫോണിലെ എ. ഐ (നിർമ്മിത ബുദ്ധി) സംവിധാനങ്ങൾ കൃഷിക്ക് എങ്ങനെ**

**പ്രയോജനപ്പെടുത്താം",** എന്നീ വിഷയത്തെക്കുറിച്ച് പരിശീലന ക്ലാസ്സ് 2 ബാച്ചുകളിലായി ആഗസ്റ്റ് 19 ന് സംഘടിപ്പിക്കുന്നു.

ബാച്ച് : 1-രാവിലെ 10 മുതൽ 12.30 വരെ- **രജിസ്ട്രേഷൻ രാവിലെ 9.30 ന്.**

ബാച്ച് : 2 - ഉച്ചയ്ക്ക് 1.30 മുതൽ 4.30 വരെ- **രജിസ്ട്രേഷൻ ഉച്ചയ്ക്ക് 12.30 ന്.**

കൂടുതൽ വിവരങ്ങൾക്ക് 8281114470 / 9446701529 എന്നീ നമ്പറുകളിൽ ബന്ധപ്പെടാം.

7) ക്ഷീരവികസന വകുപ്പിന്റെ കീഴിലുള്ള ഓച്ചിറ ക്ഷീരോൽപന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് 2026 ആഗസ്റ്റ് 21 മുതൽ 22 വരെയുള്ള 2 ദിവസങ്ങളിലായി **"തീറ്റപ്പുൽകൃഷി പരിശീലനം"** എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിച്ചിരിക്കുന്നു. താൽപ്പര്യമുള്ള ക്ഷീരകർഷകർ ഓച്ചിറ ക്ഷീരപരിശീലന കേന്ദ്രം മുഖേന നേരിട്ടോ ആലപ്പുഴ, കൊല്ലം ഡെപ്യൂട്ടി ഡയറക്ടർമാർ, മുഖാന്തിരമോ, അതാത് ബ്ലോക്ക് ക്ഷീരവികസന ഓഫീസർമാർ മുഖാന്തിരമോ രജിസ്റ്റർ ചെയ്യാവുന്നതാണ്. കഴിഞ്ഞ 3 വർഷങ്ങളിലെപ്പോഴെങ്കിലും ഇതേ

പരിശീലനത്തിൽ ഓഫ് ലൈൻ ആയി പങ്കെടുത്തിട്ടുള്ളവർക്ക് പരിശീലനത്തിൽ പങ്കെടുക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. ബാങ്ക്

പാസ്സ് ബുക്കിന്റെ പകർപ്പം ഏതെങ്കിലും തിരിച്ചറിയൽ രേഖയുടെ പകർപ്പം പരിശീലനത്തിനെത്തുമ്പോൾ ഹാജരാക്കേണ്ടതാണ്. പരിശീലനാർത്ഥികൾ 19.08.2026 വൈകുന്നരം 5 മണിക്ക് മുമ്പായി . 8089391209, 0476 2698550 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.